ഉത്തരം

(എ) ആകെ 2,44,537 പരാതികൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 211087 പരാതികൾ.

(സി) ബാക്കിയുള്ള പരാതികളിന്മേൽ നിയമാനുസരണമായ നടപടികൾ പൂർത്തിയാക്കി ഉടൻ തീർപ്പുകല്പിക്കുന്നതാണ്.

നിർദ്ധനരായ കാൻസർ രോഗികൾക്ക് പെൻഷൻ

92 (274) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ധനരായ കാൻസർ രോഗികൾക്ക് സർക്കാർ പ്രതിമാസ പെൻഷൻ നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് പെൻഷൻ നൽകുന്നത് ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു ;

(സി) പെൻഷനുവേണ്ടി അപേക്ഷിച്ച എത്ര അപേക്ഷയിന്മേൽ തീർപ്പ് കല്പിക്കുവാൻ ബാക്കിയുണ്ട് എന്നറിയിക്കാമോ ?

ഉത്തരം

(എ) നിർദ്ധനരായ കാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായമായി പ്രതിമാസം 200 രൂപ നൽകുന്ന ക്ഷേമ പദ്ധതി ലാന്റ് റവന്യൂ കമ്മീഷണർ മുഖേന നടപ്പിലാക്കി വരുന്നു.

(ബി) കാൻസർ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം സംസ്ഥാനത്ത് 7786 ഗുണഭോക്താക്കൾക്ക് ഇപ്പോൾ ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

(സി) കാൻസർ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ തീർപ്പുകല്പിക്കുവാൻ ബാക്കിയുള്ളവ സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ചുവരുന്നു.

റവന്യൂ വകുപ്പിൽ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ്

93 (275) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ഏതെല്ലാം തസ്തികകളിലാണ് സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് നിലവിലുള്ളത് ;

(ബി) ഇത്തരത്തിൽ സംസ്ഥാനതല സീനിയോറിറ്റിയിലുള്ള തസ്തികകളിൽ ജില്ലാന്തര മാറ്റത്തിന് ഏത് മാനദണ്ഡമാണ് പാലിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly